**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4862** **20-03-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ നിർമ്മാണത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പുനർനിർമ്മാണം നടത്തുമ്പോൾ ടാർ ചെയ്ത റോഡിന്റെ സൈഡ് മണ്ണിട്ട് നിറയ്ക്കുകയോ കോൺക്രീറ്റ് നടത്തുകയോ ചെയ്യാതെ പണി അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | എസ്റ്റിമേറ്റ് അനുസരിച്ച് റോഡ് ഷോൾഡറുകൾ ആവശ്യമായ ചെരിവ് നിലനിർത്തി മണ്ണിട്ട് അമർത്തി ഉറപ്പിക്കാറുണ്ട്. കൂടാതെ ക്യാരേജ് വേക്ക് ശേഷമുള്ള ഷോൾഡറിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. എസ്റ്റിമേറ്റുകളിൽ സൈഡ് ഫില്ലിംഗ് വർക്ക് ഉറപ്പ് വരുത്തുവാൻ നിർദേശം നല്കാറുണ്ട്. |
| (ബി) | സൈഡ് ഫില്ലിംഗ് വർക്ക് ഉൾപ്പെടുത്താതെ റോഡ് പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | എസ്റ്റിമേറ്റ് അനുസരിച്ച് റോഡ് ഷോൾഡറുകൾ ആവശ്യമായ ചെരിവ് നിലനിർത്തി മണ്ണിട്ട് അമർത്തി ഉറപ്പിക്കാറുണ്ട്. കൂടാതെ ക്യാരേജ് വേക്ക് ശേഷമുള്ള ഷോൾഡറിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. എസ്റ്റിമേറ്റുകളിൽ സൈഡ് ഫില്ലിംഗ് വർക്ക് ഉറപ്പ് വരുത്തുവാൻ നിർദേശം നല്കാറുണ്ട്. |
| (സി) | ഇതുമൂലം റോഡ് അപകടങ്ങൾ വർദ്ധിക്കുകയും വേഗത്തിൽ റോഡ് നശിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | എസ്റ്റിമേറ്റ് അനുസരിച്ച് റോഡ് ഷോൾഡറുകൾ ആവശ്യമായ ചെരിവ് നിലനിർത്തി മണ്ണിട്ട് അമർത്തി ഉറപ്പിക്കാറുണ്ട്. കൂടാതെ ക്യാരേജ് വേക്ക് ശേഷമുള്ള ഷോൾഡറിൽ കോൺക്രീറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. എസ്റ്റിമേറ്റുകളിൽ സൈഡ് ഫില്ലിംഗ് വർക്ക് ഉറപ്പ് വരുത്തുവാൻ നിർദേശം നല്കാറുണ്ട്. |
| (ഡി) | പുതുതായി ടാർ ചെയ്ത റോഡുകൾ കുഴിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ഡി) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ യൂട്ടിലിറ്റി പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.. ജലഅതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിക്കുന്നതും പുന:സ്ഥാപിക്കുന്നതും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ G.O.(Ms) No. 11/2023/PWD Dated: 14.02.2023, 46/2023/PWD Dated 02.08.2023, 986/2021/PWD dated 09.11.2021 & 46/2023/PWD dated 14.09.2023 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു |

ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് വഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവു വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിൻറ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് G.O. (Rt) No. 20/2022/PWD Dated: 07.01.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ / ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിൻറെ പുരോഗതി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തി വരുന്നു. കൂടാതെ വിവിധ ഏജൻസികളുടെ പ്രവർത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടി വരുന്ന വേളയിൽ അവ റീസ്റ്റോർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| | | | ഇത്തരം റോഡ് കട്ടിംഗ് പ്രവൃത്തികളും അതിന്റെ റോഡ് പുനഃസ്ഥാപന പ്രവൃത്തിയും നടത്തുന്നത് ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ വേണമെന്നും ആയതിന്റെ ഗുണനിലവാരം പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന പരിശോധന നടത്തി ഉറപ്പാക്കുന്നും ഉണ്ട് |
| (ഇ) | കേബിളുകളും പൈപ്പ്ലൈനുകളും സ്ഥാപിക്കുന്നതിനായി റോഡുകൾ കുഴിക്കുകയും എന്നാൽ അവ മൂടാതിരിക്കുകയോ ഭാഗികമായി മാത്രം മൂടുകയോ ചെയ്യുന്നത് നിരീക്ഷിക്കാനും ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാകുമോ; വ്യക്തമാക്കാമോ; | (ഇ) | നിബന്ധനകൾ പാലിക്കാതെ റോഡുകൾ കുഴിക്കുകയോ, യഥാസമയം കുഴികൾ മൂടാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടാലുടൻ പ്രസ്തുത ഏജൻസികൾക്കെതിരെ പിഴചുമത്തുന്നതുൾപ്പെടെ അനുമതി വ്യവസ്ഥകൾ പ്രകാരം കർശന നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | പൈപ്പ് ലൈനും കേബിളും സ്ഥാപിച്ച ശേഷം ഈ ആവശ്യത്തിലേയ്ക്കായി പൊളിച്ച റോഡിന്റെ ഭാഗം റീ ടാറിംഗ് നടത്തുന്നതിന് എത്ര സമയമാണ് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; റോഡിലൂടെ പൈപ്പ് ലൈനും കേബിളും സ്ഥാപിക്കുന്നതിനായി കുഴി എടുക്കുമ്പോൾ പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (എഫ്) | പൊളിച്ച റോഡ് ഭാഗത്തിന്റെ നീളവും വീതിയും ആഴവും കണക്കാക്കി റിസ്റ്റോറേഷൻ പ്രവൃത്തിയുടെ സ്വഭാവം കണക്കിലെടുത്താണ് സമയം അനുവദിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് റോഡ് മുറിക്കുന്നതും ആയത് പുനഃസ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുന്നതും. |

സെക്ഷൻ ഓഫീസർ